(ഇ) ലഭിച്ചിട്ടുണ്ട്. ആക്ഷൻ കൗൺസിൽ ഓഫ് സ്റ്റേറ്റ് എംപ്ലോയിസ് ആന്റ് ടീച്ചേഴ്സ്, അദ്ധ്യാപക സർവ്വീസ് സംഘടനാ സമരസമിതി, സെക്രട്ടേറിയറ്റ് സ്റ്റാഫ് അസ്സോസിയേഷൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഡിപ്പാർട്ട്മെന്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ, കേരള എൻ. ജി. ഒ. ഫ്രണ്ട് തുടങ്ങിയ സംഘടനകളാണ് നിവേദനം സമർപ്പിച്ചിട്ടുള്ളത്.

വിവിധ വകുപ്പുകളിലെ പരിശോധനാ വിഭാഗങ്ങളിൽ ടി. എ. സീലിംഗ്

10 (4049) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലുള്ള പരിശോധനാ വിഭാഗങ്ങളിൽ ടി. എ. സീലിംഗ് ഇല്ലാത്തത് ഏതെല്ലാം വകുപ്പുകൾക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ടി. എ. സീലിംഗ്മൂലം ഗൗരവമുള്ള പല പരിശോധനാ വിഭാഗങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ സർക്കാർ കേസ്സുകൾ നടത്തുന്ന പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ആഫീസുകൾ പരിശോധന നടത്തേണ്ട നിയമവകുപ്പിലെ പരിശോധനാ വിഭാഗത്തിന് നിലവിലുള്ള ടി. എ. സീലിംഗ് എത്രയാണ് ;

(ഡി) സർക്കാർ കേസ്സുകൾ നടത്തുന്നതിനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിശോധന മുടങ്ങാതെ നടത്താൻ സീലിംഗിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-6-1995-ലെ ജി.ഒ.(പി)നം.413/95/ധന ഉത്തരവു പ്രകാരം താഴെപ്പറയുന്ന വിഭാഗങ്ങളെ ടി. എ. സീലിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്:-

1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠന സമിതി.
2. ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം.
3. സ്റ്റോർ പർച്ചേസ് വകുപ്പിലെ പരിശോധനാ വിഭാഗം.
4. ഹൈക്കോടതിക്കേസുകൾ അറ്റൻഡ് ചെയ്യാനായി എറണാകുളത്ത് പോകുന്ന സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ.

ഇതു കൂടാതെ 11-8-1998-ലെ ജി.ഒ.(എം.എസ്)നം. 1871/98/ധന ഉത്തരവു പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ആഡിറ്റർ (സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് I, ഗ്രേഡ് II) ആഡിറ്റ് ടീമിനെ സൂപ്പർവൈസ് ചെയ്യുന്ന ഇൻസ്പെക്ടർമാർ എന്നിവരെയും ടി. എ. സീലിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമ വകുപ്പിലെ പരിശോധനാ വിഭാഗത്തിന് 1-4-1997 മുതൽ നിലവിലുള്ള ടി. എ. സീലിംഗ് താഴെക്കൊടുത്തിരിക്കുന്ന പ്രകാരമാണ് :-

ഗ്രേഡ് I ഉദ്യോഗസ്ഥർ

മൂന്നുമാസക്കാലത്തേയ്ക്ക് - പ്രതിമാസം

4500 രൂപ 1500 രൂപ

ഗ്രേഡ് II (എ) ഉദ്യോഗസ്ഥർ

മൂന്നുമാസക്കാലത്തേയ്ക്ക് - പ്രതിമാസം

3,150 രൂപ 1,050 രൂപ

ഗ്രേഡ് II(ബി) ഉദ്യോഗസ്ഥർ

മൂന്നുമാസക്കാലത്തേയ്ക്ക് - പ്രതിമാസം

2,400 രൂപ 800 രൂപ

(ഡി) അർഹതയുള്ള കേസുകൾ, സീലിംഗ് പരിധി കടക്കുമ്പോൾ പ്രത്യേക പരിഗണന നൽകി അംഗീകരിക്കാറുണ്ട്.

പെൻഷൻ കുടിശ്ശിക നൽകാൻ അടിയന്തിര നടപടി

11 (4050) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 വർഷത്തിൽ കോഴിക്കോട് കൊടുവള്ളി കമ്മ്യൂണിറ്റി ഹാളിൽ വച്ച് പെൻഷൻ അദാലത്ത് സംഘടിപ്പിച്ചിരുന്നുവോ ;

(ബി) ഈ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചത് ;

(സി) അതിൽ എത്രയെണ്ണത്തിൽ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) ഏതെല്ലാം ഉദ്യോഗസ്ഥരും, സംസ്ഥാനത്തെ മന്ത്രിമാരുമാണ് ഈ അദാലത്തിൽ പങ്കെടുത്തിരുന്നത് ;

(ഇ) പെൻഷൻ അദാലത്തിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ഉദ്യോഗസ്ഥർ പങ്കെടുക്കാറുണ്ടോ ;

(എഫ്) കോട്ടയം ജില്ലയിലെ കുന്നിക്കാട് സി. എം. എസ്., എൽ. പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന അന്തരിച്ച ഇ. ജെ. മത്തായിയുടെ ആശ്രിതർ പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിന് അദാലത്തിൽ സമർപ്പിച്ചിരുന്ന അപേക്ഷയിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ജി) പെൻഷൻ കുടിശ്ശിക അനുവദിച്ചതായി അദാലത്തിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഇനിയും ബന്ധപ്പെട്ടവർക്ക് കുടിശ്ശിക ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) കുടിശ്ശിക നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly